## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3075 — 20.12.2012 ൽ – മറുപടിക്ക്

### റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങൾ

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ
" റ്റി. എൻ. പ്രതാപൻ
" വി. റ്റി. ബൽറാം
" ഹൈബി ഈഡൻ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത തടയുന്നതിന് എന്ത് സംവിധാനമാണ് ജി.പി.ആർ. എസ്സിൽ ഉൾപ്പെടുത്തിയട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(എ) പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്ന റേഷൻ മണ്ണെണ്ണയുടെ കരിഞ്ചന്തയിലൂടെയുള്ള വിൽപ്പന തടയുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് GPS (Global Positioning System) മുഖേനയുള്ള വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം. (VTS) ജി.പി.എസ്.നെ സപ്പോർട്ട് ചെയ്യുന്ന ടെക്നോളജിയാണ് GPRS (General Packet Radio Service) മണ്ണെണ്ണ നിറയ്ക്കുന്ന ടാങ്ക് ട്രക്കുകളിൽ ഘടിപ്പിക്കുന്ന ഒരു ഇലക്ട്രോണിക് ഉപകരണവും ഇതിനെ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ സോഫ്റ്റ് വെയറും ഉൾപ്പെടുന്നതാണ് ഈ സംവിധാനം. ഇതിലൂടെ മണ്ണെണ്ണ ടാങ്കറുകളുടെ നീക്കം, അളവും ഗുണനിലവാരമുൾപ്പെടെ നിശ്ചിത ഇടവേളകൾ തോറും കമ്പ്യൂട്ടറിലെ ഇലക്ട്രോണിക് മാപ്പ് സംവിധാനത്തിലൂടെ ഏതൊരു നിരീക്ഷകനും അറിയുവാൻ സാധിക്കും. മണ്ണെണ്ണ മൊത്ത വിതരണ യൂണിറ്റുകൾ ടാങ്ക്, ട്രക്കുകൾ ചില്ലറ വിൽപ്പനശാലകൾ എന്നിവയെല്ലാം ബന്ധിപ്പിച്ചുകൊണ്ടുള്ള GPS (Global Positioning System) അടിസ്ഥാനപ്പെടുത്തിയുള്ള ഈ സാങ്കേതിക വിദ്യയിലൂടെ മണ്ണെണ്ണ ടാങ്കുകൾ ഇടയ്ക്കുവച്ച് നഷ്ടപ്പെടുന്നതും കരിഞ്ചന്തയിലൂടെ മറിച്ചു വിൽക്കുന്നതും തടയുവാൻ കഴിയും. അധിക സബ്സിഡി നൽകി പൊതുവിതരണ സമ്പ്രദായം വഴി റേഷൻ കാർഡുമടകൾക്ക് വിതരണം ചെയ്യുവാൻ വേണ്ടി കേന്ദ്രസർക്കാർ അനുവദിക്കുന്ന മണ്ണെണ്ണ ദുരുപയോഗം ചെയ്യാനുള്ള സാധ്യത വളരെ കൂടുതലായതിനാൽ ഈ സംവിധാനം നടപ്പിൽ വരുത്തേണ്ടത് വളരെ അത്യാവശ്യവും ഫലപ്രദവുമാണ്. ഇത് പ്രായോഗികമാക്കുവാനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ സംവിധാനം നടപ്പാക്കുന്നത്?

(ബി) കേന്ദ്രസർക്കാരിന്റെ പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം, സംസ്ഥാന സർക്കാർ, ഓയിൽ മാർക്കറ്റിംഗ് കമ്പനികൾ, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) ഓപ്പറേറ്റുചെയ്യുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ ടെണ്ടർ ക്ഷണിച്ച് കണ്ടെത്തുന്ന ഏജൻസി എന്നിവയുടേതെല്ലം സഹായത്തോടെയാണ് ഈ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ